## പതിന്നാലാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 96 04.02.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന പല റോഡുകളുടെയും അറ്റകുറ്റപ്പണികൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി അടിയന്തര അറ്റകുറ്റപ്പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം റോഡിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച 2395 പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 7956കി.മീറ്ററിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തകർന്ന കലുങ്കുകൾ, സംരക്ഷണഭിത്തികൾ തുടങ്ങിയവ പുനർ നിർമ്മിക്കുന്നതിനുള്ള 656 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നോൺപ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട് എന്നിവയിൽനിന്നും മേൽപ്പറഞ്ഞ ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾക്കെല്ലാം തന്നെ 2018 സെപ്റ്റംബർ 18-നകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4429കി.മീ റോഡിലെ അറ്റകുറ്റപ്പണികളും 164 മറ്റ് പ്രവൃത്തികളും ജനുവരി 1-ന് മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്. 3148 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികളും 429 മറ്റ് പ്രവൃത്തികളും പുരോഗതിയിലാണ്. 379 കി. മീ റോഡുകളിലെ അറ്റകുറ്റപണികളും 63 മറ്റ് പ്രവൃത്തികളും ടെണ്ടർ നടപടികളിലുമാണ്. ഈ പ്രവൃത്തികൾ എല്ലാം തന്നെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നു. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപണികൾ ഓർഡിനറി റിപ്പയറിംഗിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 20 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ഇവയുടെ സ്ഥായിയായ റിപ്പയറിംഗിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാൻ ഘട്ടം II ലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിന്റെ ഘട്ടം II ലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാത 766 ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർ നിർമ്മിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ ഹൈവേകളുടേയും റോഡുകളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി മെയിന്റനൻസ് വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ; | ബി) | സർക്കാർ ഉത്തരവ് സ.ഉ.(കൈ) 39/2017/പൊ.മ.വ തീയതി 29.06.17 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ റോഡ് പരിപാലന വിഭാഗം രൂപീകരിച്ചുകൊണ്ടും പ്രസ്തുത വിഭാഗത്തിന്റെ തലവനായി ഒരു ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്) തസ്തിക സൃഷ്ടിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടും അറ്റകുറ്റപ്പണികൾക്ക് വേഗതയില്ലാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | സി) | ആദ്യ ഘട്ടത്തിൽ നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ് മൂലം കരാറുകാർ ടെണ്ടറുകളിൽ പങ്കെടുക്കാതിരുന്നത് പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം സൃഷ്ടിച്ചിരുന്നു. എന്നാൽ തുടർന്ന് പ്രവൃത്തികൾ എല്ലാം തന്നെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രളയത്തിൽ |

തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികളിൽ 4429 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ